പൂവ് ചിരിച്ചു

സുഹൃത്തുക്കളേ,
ആർഷോ ഇർറോ ഒന്നാം ക്ലാസ്
അക്കാദമിക കൂട്ടായ്മക്കു വേണ്ടി
തയ്യാറാക്കിയ പിന്തുണസാമഗ്രിയാണിത്

രണ്ടാം പാഠത്തിലെ കഥ,
ഊന്നൽ നൽകുന്ന അക്ഷരങ്ങളുടെ
ഘടന,
സചിത്ര പ്രവർത്തന പുസ്തകത്തിലും
പാഠപുസ്തകത്തിലും കുട്ടി
രേഖപ്പെടുത്തേണ്ട വാക്യങ്ങൾ,
ഓരോ ദിവസവും നൽകേണ്ട
വായനസാമഗ്രികൾ
എന്നിവയാണ് ഉള്ളത്

പൂവ് ചരിച്ചു

പൂവ് ചിരിക്കുമോ?
പൂവ് വിടർന്നു
എന്നതിന് പകരം
പൂവ് ചിരിച്ചു എന്ന്
പ്രയോഗിക്കാറുണ്ട്.
ഈ പാഠത്തിലെ ചിരിയുടെ
അർഥമെന്താണ്?
എങ്ങനെയാണത് മനസ്സ്
നിറഞ്ഞു തുളുമ്പിയ
ചിരിയായത്?

നാം ഒന്നാണ് എന്ന
സന്ദേശമായിരുന്ന ഒന്നാം പാഠം.
ഇതാ അതിജീവനത്തിന്റെ,
പ്രതീക്ഷയുടെ രണ്ടാം പാഠം.
മറ്റുള്ളവർക്കു വേണ്ടി
ജീവിക്കുന്നതാണ് സന്തോഷം
എന്ന് ഉദ്ഘോഷിക്കുന്ന പാഠം

ഒരു ചെടി വളരുകയാണ്
വളർന്ന് വലുതാകണം
പൂവിടണം.
ഒരു പൂമരമാകണം.
എല്ലാവർക്കും മണവും മധുരവും നൽകണം
ആദ്യം പുഴു വന്നു.
ഇല തിന്നു
പിന്നെ ആട് വന്നു.
ചെടി തിന്നു.
ചെടി എന്നിട്ടും വളർന്നു.
കൊടും വെയിൽ.
ചെടി വാടിക്കരിഞ്ഞു
മഴ വന്നു. കൊടും മഴ.
വെള്ളം പൊങ്ങി.
ചെടി വെള്ളത്തിൽ മുങ്ങി.
വെള്ളം താണു.
ചെടി പൂവിട്ടു.
കുരുവി വന്ന് തേൻ കുടിച്ചു
പൂവ് ചിരിച്ചു.

പ്രതിസന്ധികളെ അതിജീവിച്ച കുഞ്ഞുചെടിയുടെ കഥ

2 പൂവ് ചിരിച്ചു

അധ്യാപകർ അറിയാൻ

അ,ആ,ഞ,ച,ൻ,ര

എ, ഈ എന്നിവയുടെ ചിഹ്നങ്ങൾ

ഞാൻ ചെടി
ചെറുചെടി
പൂ വരും
കാ വരും
പറവകൾ
പാറി വരും

പൂവ് ചിരിച്ചു
രണ്ടാം ദിവസം

അതാ ഒരാൾ
അത് ആരാ?

കാക്ക വന്നു

നീ ആരാ

ആരാ നീ

ഞാൻ പുഴു

പുഴു ഇല തിന്നും

പാവം ചെടി

കാക്ക
പുഴുവിനെ
തിന്നു

ഇ,ഴ,ന്ന,ക്ക,ഒ	ഉം

അധ്യാപകർ ആലിയാൻ

കാക്ക പാറി വന്നു
ഞാനും തിന്നും
നിന്നെ തിന്നും
കറുമുറ കറുമുറ

പൂവ് ചിരിച്ചു
മൂന്നാം ദിവസം

ഞാൻ തിന്നും
ഇല തിന്നും
കറുമുറ കറുമുറ
പുഴു ഇല തിന്നു.

പൂവ് ചിരിച്ചു
മൂന്നാം ദിവസം





ഒരു ആട് വന്നു

ചാടി വന്നു

അധ്യാപക്ക് അറിയാൻ

ഒ (എഴുത്ത്)

ഇല തിന്നാൻ ആട് വന്നു
ആട് വന്നു ചാടി വന്നു
ചാടി വന്നു ആട് തിന്നു
ഇല തിന്നു തല തിന്നു
ചെറുചെടി ആര് തിന്നു?

ഒരു നാൾ

ചൂട് കൂടി

ഇല വാടി

ചെടി വാടി

അധ്യാപകർ അറിയാൻ

പുനരനുഭവം മാത്രം



ഒരു നാൾ ഞാൻ പൂ തരും
ഒരു നാൾ ഞാൻ പഴം തരും
ചെടി പാടി ലാലാലാ.
ചെടി പാടി ലാലാലാ.
ചൂട് കൂടി ഇല വാടി
ചെടി വാടി കനവ് വാടി
ഇനി ആര് പൂ തരും?
ഇനി ആര് പൂ തരു

പൂവ് ചിരിച്ചു
അഞ്ചാം ദിവസം

മ, ഴ

ചട പട ചട പട
ഇടി വന്നു
ചറപറ ചറപറ
മഴ വന്നു
ഇടി വന്നു
മഴ വന്നു
ചറപറ ചറപറ
ചട പട ചട പട

പൂവ് ചിരിച്ചു
ആറാം ദിവസം

മീനുകൾ വന്നു

ആമ വന്നു



പുനരനുഭവം മാത്രം

ഒരു മീൻ വന്നു
ചെറുമീൻ വന്നു
ഒരു മീൻ വന്നു
പെരുമീൻ വന്നു
അതാ ഒരു ചെടി
ഇതാ ഒരു ആമ

പൂവ് ചിരിച്ചു
എട്ടാം ദിവസം

2

പൂവ് ചിരിച്ചു

മഴ മാറി

പറന്നുവന്നു.
കുരുവി പാറിവന്നു.
തേൻ കുടിച്ചു.
കുരുവി തേൻ കുടിച്ചു.
ചിരിച്ചുനിന്നു.
പൂവ് ചിരിച്ചു നിന്നു.
ചിരിച്ചുനിന്നു
താറാവ് ചിരിച്ചുനിന്നു

ഏ, ഓ എന്നിവയുടെ ചിഹ്നങ്ങൾ

മഴ മാറി
പൂ ചിരിച്ചു
കുരുവി വന്നു
തേൻ കുടിച്ചു
ആമ വന്നു
പൂ പറിക്കാൻ
പോ ആമേ
പോ പോ പോ
അരുതേ അരുതേ
പറിക്കരുതേ

പൂവ് ചിരിച്ചു
ഒൻപതാം ദിവസം



നിറം കൊടുക്കാമോ?

കാക്കപ്പൂവിന്
കാക്കനിറമാണോ?

കാക്കപ്പൂവിന്
നീല നിറമാണേ.

ഏ, ഓ എന്നിവയുടെ ചിഹ്നങ്ങൾ

17 / 96
തേൻ കുടിക്കാൻ
നീ വരുന്നോ?

എന്തുകൊണ്ട് ക്ലാസ് പി ടി എ യോഗത്തിൽ മുടങ്ങാതെ പങ്കെടുക്കണം?

1

പഠന പുരോഗതി

ഓരോ മാസത്തെയും കുട്ടിയുടെയും ക്ലാസിന്റെയും പഠനപുരോഗതി ചർച്ച ചെയ്യുന്ന വേദിയാണ് ക്ലാസ് പി ടി എ

പ്രതിമാസപഠനലക്ഷ്യങ്ങൾ

ഓരോ മാസവും കുട്ടി നേടേണ്ട കഴിവുകൾ എന്തെല്ലാമെന്ന് അവതരിപ്പിക്കും

പിന്തുണാ മേഖലകൾ

ഓരോ മാസവും കുട്ടിക്ക് വീട്ടിൽ ലഭിക്കേണ്ട പഠനപിന്തുണ ചർച്ച ചെയ്യും

കഴിവുകളും തെളിവുകളും

ഓരോ മാസവും കുട്ടികൾ നേടിയ കഴിവുകൾ അവർ അവതരിപ്പിക്കുന്ന വേദിയാണ്

രക്ഷിതാക്കൾക്ക് തന്റെ പഠനത്തിൽ ഏറെ താല്പര്യമുണ്ടെന്ന ബോധ്യം ഒന്നാം ക്ലാസ് മുതൽ കുട്ടിക്ക് ഉണ്ടാകണം

ഒന്നാം ക്ലാസ് ഒന്നാന്തരം

സംയുക്ത ഡയറി എന്തിന്?

പരിചയിക്കുന്ന
അക്ഷരങ്ങൾ പുതിയ
സന്ദർഭത്തിൽ പ്രയോഗിക്കാൻ

ചെറുവാക്യങ്ങൾ
എഴുതി പരിശീലിക്കാൻ

സ്വന്തം ആശയം
ക്രമീകരിച്ചെഴുതാൻ

എഴുത്തിൽ
മിടുക്കരാകാൻ

സംയുക്ത ഡയറി
എങ്ങനെ?

1 ഓരോ ദിവസവത്തെയും കുട്ടിയുടെ അനുഭവങ്ങൾ പറയിക്കണം

2 അതിൽ ഒന്ന് തെരഞ്ഞെടുക്കണം. അതിന്റെ വിശദാംശങ്ങൾ പറയിക്കണം

3 സംഭവത്തിന്റെ ചിത്രം ബുക്കിൽ വരപ്പിക്കണം നിറം നൽകണം

4 സംഭവത്തെക്കുറിച്ച് ഒന്നോ രണ്ടോ കാര്യങ്ങൾ എഴുതിക്കാം.
അറിയാവുന്ന അക്ഷരങ്ങൾ കുട്ടി പെൻസിൽ കൊണ്ടും കുട്ടിക്കറിയാത്ത അക്ഷരങ്ങൾ രക്ഷിതാവ് പേന കൊണ്ടും എഴുതണം

പൂവ് ചിരിച്ച
ഞങ്ങളും
കുഞ്ഞെഴുത്ത്
1
ENGLISH